**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1549** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ സ്ഥലമേറ്റെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ മാറ്റുന്നതിനാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമെടുപ്പ് പദ്ധതിയുടെ 11(1) നോട്ടിഫിക്കേഷൻ 10/07/2023-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട എല്ലാ സ്ഥലങ്ങളുടേയും സർവ്വെ നടത്തി സബ് ഡിവിഷൻ റിക്കോർഡുകൾ തയ്യാറാക്കി ജില്ലാ സർവ്വെ സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതുമായി ബന്ധപ്പെട്ടുള്ള സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | (ബി) | സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | അലൈൻമെന്റിൽ ഉൾപ്പെട്ട വരുന്ന ഭൂമിയിലെ അതിർത്തി കല്ലുകളിൽ പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തവ പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | അതിർത്തി കല്ലുകൾ പുന:സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | സ്ഥലമേറ്റെടുപ്പ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധപ്പെടുത്തി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ? | (ഡി) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 10/07/2023-ൽ പരസ്യപ്പെടുത്തിയിരുന്നു. ആയതിനു ശേഷം ടി സ്ഥലത്ത് പ്രവേശിച്ച് സർവ്വെ നടപടികൾ സ്വീകരിക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകുകയും, കോതനല്ലൂർ, കാണക്കാരി എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങൾ സർവ്വെ ചെയ്ത് സബ് ഡിവിഷൻ റിക്കാർഡുകൾ ജില്ലാ സർവ്വെ സൂപ്രണ്ട് അംഗീകരിച്ച നൽകുകയും ചെയ്തിരുന്നു.<br><br>പഴയ ആക്ട് പ്രകാരമായിരുന്നു ആദ്യം 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. ആയതിനാൽ 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് പ്രകാരമുള്ള പുതുക്കിയ 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടി വന്നു. പ്രസ്തുത സാഹചര്യത്തിൽ |

| | | | | |
|---|---|---|---|---|
| | | | | സബ് ഡിവിഷൻ റിക്കോർഡുകൾ തയ്യാറാക്കുവാൻ കാലതാമസം വരികയും ജില്ലാ സർവ്വെ സൂപ്രണ്ടിൽ നിന്നും അംഗീകരിച്ചു ലഭിച്ച സ്കെച്ചുകൾ ക്യാൻസൽ ചെയ്ത് പുതിയവ തയ്യാറാക്കേണ്ടി വരികയും പുനരധിവാസ പാക്കേജ്, വില നിർണ്ണയം എന്നിവ സംബന്ധിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതിനാലും കൂടാതെ സ്ഥലം സർവ്വെ നടത്തിയതിൽ കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ്ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ് ഡിവിഷൻ നമ്പരുകളുടേയും റീസർവ്വെ നമ്പരുകളും റിക്വിസിഷനിലും, സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തി ലഭിക്കേണ്ടതായിട്ടുള്ളതിനാലും, അർത്ഥനാധികാരി ലാന്റ് കോസ്റ്റ് അനുവദിച്ചു നൽകാത്തതിനാലും 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ